വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്



ബജറ്റ്

2024-25

വെളളാങ്ങല്ലൂർ
ബ്ലോക്ക് പഞ്ചായത്ത്

2024-2025
ബജറ്റ്

ആമുഖം

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയാണ്...

2025 ജനുവരി 26 ന് നമ്മുടെ ഇന്ത്യ റിപ്പബ്ലിക് ആയിട്ട് 75 വർഷം തികയുകയാണ്. ഭരണഘടനക്കും മതനിരപേക്ഷതക്കും ഫെഡറലിസത്തിനും എതിരായി വലിയ കടന്നാക്രമണങ്ങൾ നടക്കുകയാണ്. ഭരണഘടനയുടെ മൂല്യങ്ങളും അന്തസത്തയും എല്ലാവരിലേക്കും എത്തിച്ചു കൊണ്ട് സ്വയം സമരസജ്ജരാവുക എന്ന സന്ദേശവുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2024-25ൽ പദ്ധതി രൂപീകരിക്കണമെന്ന് ആഹ്വാനം ചെയ്തു കൊണ്ടാണ് കേരള നിയമസഭയിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അനിവാര്യമായ ഒരു രാഷ്ട്രീയ സമരത്തിൽ മുൻപേ നടന്നവർ എന്ന അഭിമാനവും സന്തോഷവും ഈ ബജറ്റവതരിപ്പിക്കുമ്പോൾ നമുക്കോരോരുത്തർക്കുമുണ്ട്.....

കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന ഉപരോധസമാനമായ സാമ്പത്തിക വിവേചനത്തിന്റെയും ആഗോള മാന്ദ്യത്തിന്റെയും സാഹചര്യത്തിൽ പുതിയ സാധ്യതകൾ കണ്ടെത്തിയും ഉപയോഗപ്പെടുത്തിയുമാണ് വികസനപാതയിൽ കേരളം മുന്നോട്ടുപോകുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാന ഭരണകൂടങ്ങളെ അക്ഷരാർത്ഥത്തിൽ അടിച്ചു തകർക്കുകയാണ് എന്ന് ഓരോ ദിവസവും നാം തിരിച്ചറിയുകയാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും പ്രതീക്ഷയുടെ ജീവിക്കാൻ കരുതലാവുന്ന പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും ആണ് കേരള സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിച്ചത്. ഓരോ രൂപയ്ക്കും വലിയ മൂല്യം നൽകേണ്ട കാലത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കെല്ലാം സാമൂഹികമായും ഉൽപാദന പരമായും തൊഴിൽപരമായും വലിയ ഉണർവും പ്രതീക്ഷയും നമ്മുടെ പ്രവർത്തനങ്ങളിലും പദ്ധതികളിലും ഉണ്ടാകേണ്ടതുണ്ട്, എന്ന ലക്ഷ്യബോധം ഈ ബജറ്റ് തയ്യാറാക്കുന്നതിനു മുന്നിലുമുണ്ട്. കഴിഞ്ഞകാലങ്ങളിൽ ജനങ്ങളോടൊപ്പം ചേർന്നു നടപ്പിലാക്കിയ ഒട്ടേറെ വികസന പ്രവർത്തനങ്ങക്ക് നേതൃത്വം കൊടുത്ത ഒരു ഭരണഘടനാ സ്ഥാപനം എന്ന നിലയ്ക്ക്, പ്രത്യേകിച്ച് കല - സംസ്കാരം - ആരോഗ്യം തൊഴിൽ എന്ന രംഗങ്ങളിൽ നാം നടത്തിയ പ്രവർത്തനങ്ങളുടെ പ്രത്യക്ഷമായ അനുഭവങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. അവ കൂടുതൽ അന്വേഷണങ്ങളിലൂടെ പഠനങ്ങളിലൂടെ ജനകീയവൽക്കരിക്കാനും ഈ വർഷവും നാം ശ്രമിക്കുന്നുണ്ട്.

ദുരിത സങ്കടങ്ങളിൽ ജീവിക്കുന്ന മനുഷ്യർക്ക് താങ്ങും പ്രതീക്ഷയുമാവുക എന്നത് ഓരോ പൊതുപ്രവർത്തകന്റെയും കടമയായി മാറുന്ന ഈ കാലത്ത് അവർക്കുവേണ്ടിയുള്ള പദ്ധതികൾക്ക് കഴിയാവുന്നത്ര ഊന്നൽ നൽകുക എന്നതാണ് ഈ വർഷം നമ്മുടെ പദ്ധതിയുടെ ലക്ഷ്യം. ഒപ്പം നാം തുടങ്ങിവച്ച വലിയ പദ്ധതികളുടെ പൂർത്തീകരണവും ലക്ഷ്യം വെക്കുന്നുണ്ട്...

പ്രിയമുള്ളവരെ

ഏറ്റെടുക്കുന്ന ഓരോ പദ്ധതിയും അതുലക്ഷ്യം കാണുന്നതുവരെ കൂടെയുണ്ടാവുക എന്നത് ഓരോരുത്തരുടെയും കടമയാണ്. ഒരു നിശ്ചിത കാലത്തേക്ക് നമ്മെ ഏൽപ്പിച്ച കടമകൾ ചെയ്തു തീർക്കുക എന്നത് ഉത്തരവാദിത്വവും. നമ്മുടെ അലസതയും, അനാസ്ഥയും കുറ്റകരമായി മാറുമെന്നത് മറന്നുപോകരുത്.

നല്ല നാളേക്ക് വേണ്ടിയുള്ള കരുതലുകൾ സൃഷ്ടിക്കാനുള്ള നമ്മുടെ അവസരം പരമാവധി പ്രയോജനപ്പെടുത്തുക എന്നത് ഓരോരുത്തരുടേയും ബാധ്യതയാണ്.

നമുക്ക് ലഭ്യമാകുന്ന ചെറിയ വിഭവത്തെ പരമാവധി ആശ്വാസവും സ്നേഹവുമായി പരന്നൊഴുകുന്ന പദ്ധതികൾ ആക്കി മാറ്റുക എന്നതും അവയെല്ലാം ജനകീയ പങ്കാളിത്തത്തോടെ പൂർത്തിയാക്കും എന്നുള്ള പ്രതിജ്ഞയോടെയും 2024 - 25 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുകയാണ്...

സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതയിലേക്ക്

നമ്മുടെ നാടിന്റെ മതനിരപേക്ഷതക്ക്മേൽ അപകട മണികൾ മുഴങ്ങുകയാണ്. രാജ്യത്തെ മതരാജ്യമാക്കി മാറ്റാനുള്ള ഭരണകൂടത്തിന്റെ എല്ലാ നീക്കങ്ങളും നമ്മുടെ കൺമുന്നിൽ വേഗത കൈവരിക്കുന്നതും നാം കാണാതിരുന്നുകൂടാ... ഭരണഘടന ആയുധമാക്കി പൊരുതുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവും നമ്മുടെ മുന്നിലില്ല. ഭരണഘടന അറിയുക എന്നതാണ് സ്വയം സമരസജ്ജരാകാനുള്ള മാർഗ്ഗം. അറിയിക്കുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്തവുമാണ്. നാനാജാതി മതങ്ങളും വിവിധ ഭാഷകളും വിഭിന്ന സംസ്കാരവും ഉള്ള രാഷ്ട്രമാണ് ഇന്ത്യ. നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ ആശയമാണ് ഇന്ത്യയെന്ന രാഷ്ട്രത്തെ ഒന്നിച്ചു നിർത്തുന്നത്. ജാതിക്കും മതത്തിനും ഭാഷയ്ക്കും അതീതമായ ജനങ്ങളുടെ ഐക്യമാണ് നമ്മുടെ ശക്തി. ഈ കരുത്ത് നമുക്ക് പ്രദാനം ചെയ്യുന്നതും രാജ്യത്തെ ഐക്യത്തോടെ മുന്നോട്ടു നയിക്കുന്നതും നമ്മുടെ ഭരണഘടനയാണ്.

മതത്തിന്റെയോ ജാതിയുടെയോ ഭാഷയുടെയോ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നത് ഭരണഘടനയ്ക്ക് എതിരായ ആക്രമണം തന്നെയാണ്. ഇത്തരം പ്രവണതകൾ വർധിച്ചു വരുന്ന കാലത്ത് ഭരണഘടനാ മൂല്യങ്ങൾ ജനങ്ങളെ, പ്രത്യേകിച്ച് യുവതലമുറയെയും വിദ്യാർത്ഥികളെയും പഠിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഭരണഘടനാ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യം പൂർത്തീകരണത്തിലേക്ക് അടുക്കുകയാണ്. സമാനതകളില്ലാത്ത പ്രവർത്തനമാണ് നാം നടത്തിയത്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു വെള്ളാങ്കല്ലൂർ മാതൃക സൃഷ്ടിക്കാൻ നമുക്കായിട്ടുണ്ട് എന്ന് സാഭിമാനം പറയാൻ കഴിയും. തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2024-25ൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാതൃകയായി നിലകൊള്ളാൻ നമുക്ക് കഴിയും.

VIBES
Vellangallur
Infrastructure Backbone
for
Entrepreneurs & Startup

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ നാം ബഹുവർഷ പദ്ധതിയായി ആസൂത്രണം ചെയ്ത വൈബ്സ് എന്ന നാമകരണത്തിൽ വിഭാവനം ചെയ്ത ഐ.ടി. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അഭിമാനകരമായ ഒരു ഘട്ടം പിന്നിടുകയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ ആശാവഹമായ പുരോഗതിയാണ് നാം കൈവരിച്ചത്. രണ്ടാമതൊരു നില കൂടി ജനറൽ വിഭാഗത്തിനായി വേണമെന്ന കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിനിടയിൽ സംസ്ഥാന സർക്കാർ നോളജ് ഇക്കണോമി മിഷൻ കിഫ്ബിയുടെ സഹായത്തോടെ ഏറ്റെടുക്കുന്ന അയൽപക്ക തൊഴിൽ കേന്ദ്രങ്ങളുടെ പട്ടികയിൽ നമ്മുടെ വൈബ്സിനും ഇടം നേടാനായിട്ടുണ്ട് എന്നത് അഭിമാനകരമാണ്. ജില്ലാ ഗ്രാമപഞ്ചായത്തുകളുടെ സംയോജിത പദ്ധതികളുടെ മികച്ച മാതൃകയാണ് ഇതെന്ന് നമുക്ക് അടയാളപ്പെടുത്താം. 2024 ആഗസ്റ്റ് മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയും.

കൃഷിയും വായനയും സംയോജിപ്പിച്ച് കഴിഞ്ഞ മൂന്ന് പദ്ധതി വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്തു ആവിഷ്കരിച്ച് നടപ്പിലാക്കിയ എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതി സംസ്ഥാനത്ത് ആകെ തന്നെ ശ്രദ്ധിക്കപ്പെട്ടു എന്നുള്ളത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്.

22 വായനശാലകൾ കേന്ദ്രീകരിച്ച് സ്ത്രീകളുടെ കൂട്ടായ്മയിലൂടെ രൂപപ്പെടുത്തിയ കാർഷിക ക്ലബ്ബുകൾ മുഖേന കാർഷിക മേഖലയിൽ പുതിയ ഇടപെടലിനും വായനശാലകളിൽ സാഹിത്യപരമായ ചർച്ചകളും സംവാദങ്ങളും കഥാ വായനയുമായി സാംസ്കാരിക മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാൻ എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതിക്ക് കഴിയുകയുണ്ടായി. നിർജീവമായിരുന്ന പല വായനശാലകളെയും പുതിയ കാലത്തിന്റെ സവിശേഷതകൾ അറിഞ്ഞ് പുത്തൻ ഊർജത്തോടെ പ്രവർത്തിക്കാൻ കഴിയാവുന്ന രീതിയിൽ ഇടപെടലുകൾ നടത്താനായി എന്നത് ബ്ലോക്ക് പഞ്ചായത്തിനും സാംസ്കാരിക പ്രവർത്തകർക്കും അഭിമാനകരവും ആഹ്ലാദകരവും ആയിട്ടുള്ള കാര്യമാണ്. എന്നുള്ളതിൽ തർക്കമില്ല മൂന്നാം ഘട്ടം പൂർത്തിയാക്കുന്ന എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതി നിലവിലുള്ള മാതൃകയിൽ ഈ വർഷം തുടരേണ്ടതില്ല എന്നാണ് നാം തീരുമാനിച്ചിട്ടുള്ളത്. പകരം ഈ പദ്ധതിയിലൂടെ രൂപപ്പെട്ട കൂട്ടായ്മയെ സമഗ്ര കാർഷിക വികസന വിപണന രൂപഭാവങ്ങളോടു കൂടി മാറ്റിതീർക്കാനാണ് ഈ വർഷം നമ്മൾ ഉദ്ദേശിക്കുന്നത്.

ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി കൃഷി, ക്ഷീരവികസനം ചെറുകിട വ്യവസായ മേഖലകളിൽ ഏറ്റവും ചുരുങ്ങിയത് 15 സ്ത്രീകൾക്ക് നേരിട്ടും 500 പേർക്ക് പരോക്ഷമായും തൊഴിലും വരുമാനവും ഉറപ്പാക്കുന്ന ഒരു പദ്ധതി വിഭാവനം ചെയ്യുകയാണ്. ഇതിനായി ഈ വർഷം ആവശ്യമായ തുക വകയിരുത്തുന്നു.

മൊബൈൽ സീവേജ് വേയ്സ്റ്റ് മാനേജ്മെന്റ് പ്ലാന്റ്

നവകേരളം-കർമ്മപദ്ധതി 2 ന്റെ ഭാഗമായി മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നാം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നാണ് കക്കൂസ് മാലിന്യങ്ങളുടെ സംസ്കരണം . അഞ്ചു പഞ്ചായത്തുകളിലും സഞ്ചരിച്ചുകൊണ്ട് കക്കൂസ് മാലിന്യസംസ്കരണം സാധ്യമാക്കുന്ന ഒരു മൊബൈൽ സീവേജ് വേയ്സ്റ്റ് മാനേജ്മെന്റ് പ്ലാന്റ് എന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. ജനങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളിലും നിലനിൽക്കുന്ന നിരവധി ആരോഗ്യ ശുചിത്വ മലിനജല പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തോടൊപ്പം നമ്മുടെ പുഴകളും തോടുകളും മലിനീകരിക്കുകയും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കും പരാതികൾക്കും ശാശ്വത മായ പരിഹാരം കാണുകയും ചെയ്യുക എന്ന ലക്ഷ്യം

ഇതിനായി ഗ്രാമ ജില്ലാ ബ്ലോക്ക് സംയുക്ത പദ്ധതിയായി 40 ലക്ഷം രൂപവകയിരുത്തി പദ്ധതി വിഭാവനം ചെയ്യുകയാണ്.

ചാണകം ഉണക്കിപ്പൊടിച്ച് ജൈവളം ആക്കുന്നതിനുള്ള പ്ലാന്റ്

ക്ഷീര കർഷകർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് മഴക്കാലത്ത് ചാണകം ശേഖരിച്ച് സൂക്ഷിക്കുക എന്നത്. സ്ഥലപരിമിത കർഷകർക്ക് ദുരിതം നിറഞ്ഞതും, മാലിന്യം സംബന്ധിച്ച പരാതികളും മൂലം ഒട്ടേറെ കർഷകർ ഈ മേഖലയിൽ നിന്ന് വിട്ടു പോകുന്നതിന് ഇത് കാരണമാണ്. കൃഷി ലാഭകരമാക്കുന്നതിനും അടിയന്തര പ്രാധാന്യത്തോട് കൂടി ഈ മേഖലയെ സഹായിക്കുന്നതിനും അനിവാര്യമാണ് എന്ന് തിരിച്ചറിഞ്ഞ് 2024 -25 വർഷത്തിൽ ചാണകം ഉണക്കിപൊടിച്ച് ജൈവവളം ആക്കി മാറ്റുന്നതിനുള്ള പ്ലാന്റ് വാങ്ങുന്നതിന് ഈ വർഷം തന്നെ സംയുക്ത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു.

തരിശുരഹിത ബ്ലോക്ക് പഞ്ചായത്ത്

തരിശുരഹിത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ഈ ലക്ഷ്യം കൈവരിക്കണം. ഗ്രാമപഞ്ചായത്തുകൾ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയായും ഗ്രാമപഞ്ചായത്തുകളിൽ ചെറിയ പ്രശ്നപരിഹാരത്തിലൂടെ കൃഷിഭൂമി യോഗ്യമാക്കുന്നതിന് സംയുക്ത പദ്ധതിയും ഉണ്ടാകേണ്ടതുണ്ട്. ഇതിന് മുൻഗണന നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

സമഗ്രകാർഷിക പദ്ധതിയുടെ ഭാഗമായി എല്ലാവരും കൃഷിക്കാരാകുക എന്ന സംസ്ഥാന സർക്കാർ നയത്തിനൊപ്പം ചേർന്ന് ഒരു വീട്ടിൽ ഒരിനമെങ്കിലും കൃഷിചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു പദ്ധതി ഈ വർഷം വിഭാവനം ചെയ്യുന്നുണ്ട്.

നമ്മുടെ അഞ്ച് പഞ്ചായത്തുകളും ഭവനരഹിതരില്ലാത്ത നാട് എന്ന ലക്ഷ്യവുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ലൈഫ് ഭവനപദ്ധതിക്ക് പുറമെ ഹഡ്കോ വായ്പ, വിവിധ സി.എസ്.ആർ. ഫണ്ടുകൾ, സഹകരണ ബാങ്കുകൾ, സന്നദ്ധ-സർവ്വീസ് സംഘടനകൾ, വ്യക്തികൾ എന്നിവരൊക്കെ ഇതിനായി പ്രാദേശിക ഭരണകൂടവുമായി കൈകോർക്കുന്നുണ്ട്.

സുരക്ഷിതമായ ഭവനം എന്നത് ഗുണഭോക്തൃവിന്റെ ആവശ്യം മാത്രമല്ല, നമ്മുടെ ബാധ്യതയും കൂടിയാണ്. യുവജന സന്നദ്ധ സംഘടനകൾ, വിവിധ കലാലയങ്ങളിലെ എൻ.എസ്.എസ്. വളണ്ടിയർമാർ എന്നിവരെ വീടുപണി പൂർത്തിയാക്കുന്നതിനായി സന്നദ്ധ സേവനവും വീടുപണിക്കാവശ്യമായ വിവിധ സാധന സാമഗ്രികളുടെ പ്രാദേശിക ശേഖരണത്തിനുമായി ഉപയോഗപ്പെടുത്തുക എന്ന ആശയം മുന്നോട്ട് വെയ്ക്കുകയാണ്. പുതുതലമുറയെ സേവന സന്നദ്ധമാക്കുകയും ലക്ഷ്യബോധമുള്ളവരാക്കുക എന്നതുകൂടി ഇതിലൂടെ മുന്നോട്ട് വെക്കുന്നു.

എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി സർക്കാർ പദ്ധതികൾ ഏകോപിച്ചുകൊണ്ട് ലൈഫ് എന്ന പാർപ്പിട പദ്ധതി രൂപീകരിക്കുകയും അതനുസരിച്ച് കേരളത്തിലെ വീടില്ലാത്തവർക്ക് വീട് നൽകുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ മറ്റെല്ലാ പഞ്ചായത്തുകളും പോലെ തന്നെ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തും ആവശ്യമായ തുക വകയിരുത്തുന്നു. ലൈഫ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ബ്ലോക്കിന് കീഴിൽ വരുന്ന അഞ്ച് പഞ്ചായത്തുകളിലും വിവിധ പദ്ധതികളെ ഏകോപിച്ചുകൊണ്ടുള്ള പാർപ്പിട പദ്ധതികൾക്കുമായി ഈ വർഷത്തെ നമ്മുടെ ബജറ്റിൽ പട്ടികജാതി വിഭാഗത്തിന് 80 ലക്ഷം രൂപയും ജനറൽ വിഭാഗത്തിന് 38 ലക്ഷം രൂപയും വകയിരുത്തുന്നു.

മറ്റ് വകയിരുത്തലുകൾ

നെൽകൃഷ്ക്ക് കൂലിച്ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 30 ലക്ഷവും പാലിന് സബ്സിഡി ഇനത്തിൽ 12 ലക്ഷവും ഉൾപ്പെടെ വിവിധ ഉത്പാദന മേഖലയിലെ പദ്ധതികൾക്കായി 78 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് ബ്ലോക്ക് കോമ്പൗണ്ടിൽ സ്ഥാപിക്കുന്നതിന് സംയുക്ത പദ്ധതിയായി 30 ലക്ഷം രൂപ വകയിരുത്തുന്നു.

വിവിധ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്കായി പട്ടികജാതി വിഭാഗത്തിൽ വീട് നിർമ്മാണം ഉൾപ്പെടെ 1 കോടി 11 ലക്ഷം രൂപ വിലയിരുത്തുന്നു.

വിവിധ വനിതാ ഘടക പദ്ധതികൾക്കായി 30 ലക്ഷം രൂപയും വിവിധ പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തിന് വിഹിതമായി 8ലക്ഷം രൂപ വകയിരുത്തുന്നു.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഉദ്ദേശ ഗ്രാന്റ് ഇനത്തിൽ ശുചിത്വ പദ്ധതികൾക്കും കുടിവെള്ള പദ്ധതികൾക്കുമായി ആകെ 24 ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയിരിക്കുന്നു.

വെള്ളാങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും പുത്തൻചിറ കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും മരുന്ന് വാങ്ങുന്നതിനായി 20 ലക്ഷവും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 30 ലക്ഷം രൂപ വകയിരുത്തുന്നു.

കെട്ടുചിറ സ്റ്റേയിസ് നിർമ്മാണത്തിന് ആദ്യഘട്ടമായി 24 ലക്ഷം രൂപ വകയിരുത്തുന്നു.

ബജറ്റ് 2024-2025

വരവ് 2024-25	തുക രൂപയിൽ
പ്രാരംഭ ബാക്കി	
ജനറൽ പർപ്പസ് ഗ്രാന്റ്	13296458
തനത് ഫണ്ട്	816429
ആകെ	**14112887**
റവന്യൂ വരുമാനം	
വികസന ഫണ്ട്	
പൊതുവിഭാഗം	18864000
പട്ടികജാതി വിഭാഗം	14059000
പട്ടികവർഗ്ഗ വിഭാഗം	56000
വികസന ഫണ്ട് ആകെ	**32979000**
ജനറൽ പർപ്പസ് ഗ്രാന്റ്	7917000
ആസ്തി സംരക്ഷണ ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്	11565000
തൊഴിലുറപ്പ് പദ്ധതി	140000000
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	7945000
തനത് ഫണ്ട്	550000
പി.എം.എ.വൈ കേന്ദ്ര വിഹിതം	4000000

ചെലവ് 2024-25	തുക രൂപയിൽ
വികസന ഫണ്ട്	
ജനറൽ - ഉൽപ്പാദന മേഖല	4527360
ജനറൽ - സേവന മേഖല	6791040
ജനറൽ - സേവന മേഖല (ലൈഫ്)	3772800
ജനറൽ - വികസന പശ്ചാത്തല മേഖല	3772800
ആകെ	**18864000**
പട്ടികജാതി വികസനം - ഉൽപ്പാദന മേഖല	3374160
പട്ടികജാതി വികസനം - സേവന മേഖല	5061240
പട്ടികജാതി വികസനം - സേവന മേഖല (ലൈഫ്)	2811800
പട്ടികജാതി വികസനം - വികസന പശ്ചാത്തല മേഖല	2811800
ആകെ	**14059000**
പട്ടിക വർഗ്ഗ വികസനം - സേവന മേഖല	44800
പട്ടിക വർഗ്ഗ വികസനം - സേവന മേഖല (ലൈഫ്)	11200
ആകെ	**56000**
വികസന ഫണ്ട് ആകെ ചെലവ്	**32979000**

ബജറ്റ് 2024-2025

വരവ് 2024-25	തുക രൂപയിൽ
പി.എം.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം	2100000
പി.എം.എ.വൈ. ജില്ലാപഞ്ചായത്ത് വിഹിതം	3360000
മാലിന്യ നിർമാർജ്ജനം	500000
ആകെ	**177937000**

ചെലവ് 2024-25	തുക രൂപയിൽ
മെയിന്റനൻസ് ചെലവ്	
വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ്	11565000
ആകെ	**11565000**
ജനറൽ പർപ്പസ് ഫണ്ട് ചെലവ്	
വേതനം, കൂലി, യാത്രാബത്ത	810000
അംഗങ്ങളുടെ ഹോണറേറിയം & സിറ്റിംഗ് ഫീസ്	1889600
ഓഫീസ് ചെലവുകൾ	1100000
മറ്റ് ഭരണചെലവുകൾ	1500000
ബ്ലോക്ക് ഓഫീസ് പശ്ചാത്തല വർക്കുകൾ	1200000
ആകെ	**6499600**
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	
ധനകാര്യ കമ്മീഷൻ വിവിധ പ്രവൃത്തികൾ- ചെലവ്	7945000
ആകെ	**7945000**

ബജറ്റ് 2024-2025

വരവ് 2024-25	തുക രൂപയിൽ
മറ്റു ഫണ്ടുകൾ	
ഹെൽത്ത് ഗ്രാന്റ്	3000000
നാഷണൽ സേവിംഗ്സ്-പോസ്റ്റ് ഓഫീസ് സേവിംഗ്സ്	129373200
സംരംഭകത്വ സഹായ പദ്ധതി	1300000
പ്രകൃതിക്ഷോഭ ഫണ്ട്	2500000
എം.എൽ.എ. ഫണ്ട്	6000000
എം.പി. ഫണ്ട്	2000000
ആകെ	**144173200**
മൊത്തം വരവ്	**369202087**

ചെലവ് 2024-25	തുക രൂപയിൽ
ശുചിത്വം	
മാലിന്യ നിർമ്മാർജ്ജനം	500000
ആകെ	**500000**
മറ്റു ഫണ്ടുകൾ	
ഹെൽത്ത് ഗ്രാന്റ്	3000000
എം.എൽ.എ. ഫണ്ട്	6000000
തൊഴിലുറപ്പ് പദ്ധതി	140000000
എം.പി. ഫണ്ട്	2000000
പ്രകൃതിക്ഷോഭം പ്രവർത്തികൾ	2500000
നാഷണൽ സേവിംഗ്സ് - പോസ്റ്റ് ഓഫീസ്	129373200
സംരംഭകത്വ സഹായ പദ്ധതി	1300000
ആകെ	**284173200**
പി.എം.എ.വൈ കേന്ദ്ര വിഹിതം	4000000
പി.എം.എ.വൈ. വീടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം	2100000
പി.എം.എ.വൈ. വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം	2940000
ആകെ	**9040000**
മൊത്തം ചെലവ്	**352701800**
മിച്ചം	**16500287**

ഉപസംഹാരം

സർ,

2024 - 25 സാമ്പത്തിക വർഷം ലക്ഷ്യം വെക്കുന്ന പുതിയ ആശയങ്ങളും പദ്ധതികളുമാണ് മേൽ വിവരിച്ചത്. ഉത്പാദനമേഖലയിലും സേവന മേഖലയിലും അനിവാര്യമായ വകയിരുത്തലുകളോടെ തുടർന്നു വരുന്ന പദ്ധതികൾ ഒന്നും തന്നെ ആവർത്തിച്ചിട്ടില്ല. ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് നിർബന്ധിത വകയിരുത്തലുകളുടെ പദ്ധതികളും പ്രതിപാദിച്ചിട്ടില്ല. അവയെല്ലാം വകയിരുത്തപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 36 കോടി 92 ലക്ഷത്തി രണ്ടായിരത്തി എൺപത്തിയേഴ് രൂപ വരവും, 35 കോടി 27 ലക്ഷത്തി ആയിരത്തി എണ്ണൂറ് രൂപ ചെലവും, ഒരു കോടി 65 ലക്ഷത്തി ഇരുനൂറ്റി എൺപത്തിയേഴ് രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഒരു സമ്പൂർണ്ണ ബഡ്ജറ്റാണ് ഞാൻ ഇവിടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതവും ആസ്തി സംരക്ഷണ ഫണ്ടും, മറ്റ് ഫണ്ടുകളും പൂർണ്ണമായും ചെലവഴിച്ച് ഒരു മാതൃകാ ബ്ലോക്ക് പഞ്ചായത്തായി വെള്ളാങ്ങല്ലൂർ ബ്ലോക്കിനെ ഉയർത്താൻ വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരും, ഘടക സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരും, പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും കൂട്ടായും ആത്മാർത്ഥമായും ഒത്തൊരുമയോടെ കഠിനമായി പ്രവർത്തിക്കുകയാണ്. 2024-25 സാമ്പത്തിക വർഷത്തിലും ഈ നയസമീപനം തന്നെ പ്രതീക്ഷിച്ചുകൊണ്ട് ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി ഈ ബജറ്റ് സമർപ്പിക്കുന്നു.

ഉണ്ണികൃഷ്ണൻ കുറ്റിപ്പറമ്പിൽ

വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്